**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 358** **28-10-2021 - ൽ മറുപടിയ്ക്ക്**

**കെയർ ഹോം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. സുമോദ്,<br>ശ്രീ. മുരളി പെരുനെല്ലി,<br>ശ്രീ. പി.വി.അൻവർ,<br>ശ്രീ എം എസ് അരുൺ കുമാർ | | Shri. V. N. Vasavan<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ദുരന്തസമയത്ത് ജനങ്ങളെ സഹായിക്കുന്നതോടൊപ്പം പുനരധിവാസ പദ്ധതികൾക്ക് രൂപം കൊടുക്കുന്നതിന്റെ ഭാഗമായി ആരംഭിച്ച കെയർ ഹോം പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | 2018 ൽ സംസ്ഥാനത്തുണ്ടായ പ്രളയ ദുരന്തത്തിൽ സമ്പൂർണമായും വീട് നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിനായി സഹകരണ സംഘങ്ങളുടെ സഹായത്തോടെ സഹകരണ വകുപ്പ് നടപ്പിലാക്കി വരുന്ന ഭവന നിർമ്മാണ പദ്ധതിയാണ് കെയർ ഹോം. കെയർ ഹോം പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ സംസ്ഥാനത്തൊട്ടാകെ 2,000 വീടുകൾ നിർമ്മിച്ച് നൽകുന്നതിനാണ് സർക്കാർ തീരുമാനിച്ചിരുന്നത്. അധികമായി വീടുകൾ നിർമ്മിച്ച് നൽകണമെന്ന അപേക്ഷ പരിഗണിച്ച്, പദ്ധതി പ്രകാരം നിർമ്മിക്കേണ്ട വീടുകളുടെ എണ്ണം 2092 ആയി ഉയർന്നു. ജില്ലാ കളക്ടർമാർ ലഭ്യമാക്കുന്ന പട്ടികയിൽ നിന്നാണ് ഗുണഭോക്താക്കളെ നിശ്ചയിച്ചിട്ടുള്ളത്. കെയർഹോം പദ്ധതിയിൽ ഉൾപ്പെടുത്തി ഭവന നിർമ്മാണം നടത്തുന്നതിന് വീടൊന്നിന് 5 ലക്ഷം രൂപയാണ് അനുവദിക്കുന്നത്. ഈ തുകയിൽ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നുള്ള സഹായവും, ഉൾപ്പെടുന്നു. പദ്ധതി പ്രകാരം നൽകുന്ന തുകക്ക് പുറമെ ഗുണഭോക്താക്കൾ, നിർമ്മാണ മേൽനോട്ടം വഹിക്കുന്ന സഹകരണ സംഘം, സഹകാരികൾ, സന്നദ്ധ സംഘടനകൾ, പൊതുജനങ്ങൾ എന്നിവരിൽ നിന്നുള്ള സംഭാവന, സന്നദ്ധസേവനം എന്നിവ വീട് നിർമ്മാണത്തിനായി വിനിയോഗിച്ചിട്ടുണ്ട്. കെയർ ഹോം പദ്ധതി പ്രകാരമുള്ള വീടുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ 2018 ഡിസംബറിൽ ആരംഭിച്ചു. 2021 ഒക്ടോബർ 11 വരെ പദ്ധതി പ്രകാരം സംസ്ഥാനത്തൊട്ടാകെ 2074 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. 15 വീടുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലായി നടന്നു വരികയാണ്. ശേഷിക്കുന്ന 3 |

| | | | |
|---|---|---|---|
| | | | വീട്ടുകളുടെ നിർമ്മാണം ഡോക്യുമെന്റേഷൻ ഘട്ടത്തിലാണ്. വൈകിലഭിച്ച ഗുണഭോക്തൃ പട്ടിക, പ്രതികൂല കാലാവസ്ഥ ഉൾപ്പെടെയുള്ള സാങ്കേതിക പ്രശ്നങ്ങളാലാണ് ടി 3 വീട്ടുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിയാത്തത്. കെയർ ഹോം പദ്ധതിയുടെ രണ്ടാം ഘട്ട പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. രണ്ടാം ഘട്ടത്തിൽ സ്വന്തമായി ഭൂമിയും താമസ സ്ഥലവും ഇല്ലാത്തവർക്ക് സംസ്ഥാനത്തെ 14 ജില്ലകളിലും ലൈഫ് മിഷൻ നിർദ്ദേശിച്ച സ്ഥലത്ത് ഭവനസമുച്ചയങ്ങൾ നിർമ്മിച്ചു നൽകുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. തൃശ്ശൂർ ജില്ലയിൽ നിർമ്മിക്കുന്ന ഭവന സമുച്ചയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ട്. മറ്റു ജില്ലകളിൽ രണ്ടാം ഘട്ട പദ്ധതി നിർവ്വഹണം പ്രാരംഭ ഘട്ടത്തിലാണ്. |
| (ബി) | പ്രസ്തുത പദ്ധതി ആവിഷ്കരിക്കുന്നതിലൂടെ ലക്ഷ്യമിട്ട കാര്യങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ; പദ്ധതി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ? | (ബി) | 2018 ൽ സംസ്ഥാനത്തുണ്ടായ പ്രളയ ദുരന്തത്തിൽ സമ്പൂർണമായും വീട് നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിനായി ഒന്നാം ഘട്ടത്തിൽ സംസ്ഥാനത്തൊട്ടാകെ 2,000 വീട് നിർമ്മിച്ച് നൽകുക എന്നത് ലക്ഷ്യമിട്ടാണ് സഹകരണ വകുപ്പ് കെയർ ഹോം പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയത്. റവന്യൂ വകുപ്പ്, ജില്ലാ കളക്ടർ എന്നിവരുടെ അധികമായി വീട്ടുകൾ നിർമ്മിച്ചു നൽകണമെന്ന അപേക്ഷ പരിഗണിച്ച്, പദ്ധതി പ്രകാരം നിർമ്മിക്കേണ്ട വീട്ടുകളുടെ എണ്ണം വിവിധ ഘട്ടങ്ങളായി വർദ്ധിപ്പിച്ച് നിലവിൽ 2092 വീട്ടുകളാണ് നിർമ്മിച്ച് നൽകുന്നത്. പദ്ധതി പ്രകാരം സംസ്ഥാന ത്തൊട്ടാകെ 2,000 വീട് നിർമ്മിച്ച് നൽകുക എന്ന ലക്ഷ്യം പൂർത്തീകരിച്ചിട്ടുണ്ട്. 2021 ഒക്ടോബർ 11 വരെ പദ്ധതി പ്രകാരം സംസ്ഥാനത്തൊട്ടാകെ 2074 വീട്ടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. 15 വീട്ടുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലായി നടന്നു വരികയാണ്. ശേഷിക്കുന്ന 3 വീട്ടുകളുടെ നിർമ്മാണം ഡോക്യുമെന്റേഷൻ ഘട്ടത്തിലാണ്. 2018 ലും 2019 ലും ഉണ്ടായ വെള്ളപ്പൊക്കത്തിലും പ്രകൃതിക്ഷോഭത്തിലും വീടും സ്ഥലവും നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിനായി സംസ്ഥാനത്തെ 14 ജില്ലകളിലും ലൈഫ് മിഷൻ നിർദ്ദേശിച്ച സ്ഥലത്ത് ഭവനസമുച്ചയ നിർമ്മാണം ഏറ്റെടുക്കുക എന്നതാണ് രണ്ടാം ഘട്ടത്തിൽ കെയർ ഹോം പദ്ധതിയുടെ ലക്ഷ്യം. തൃശ്ശൂർ ജില്ലയിൽ നിർമ്മിക്കുന്ന ഭവന സമുച്ചയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ട്. മറ്റു ജില്ലകളിലും പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ